(സി) പ്രസ്തുത പദ്ധതി തുടങ്ങുന്നതിന് കേന്ദ്ര ഗവൺമെൻറിനുള്ള എതിർപ്പ് പരിഹരിക്കാൻ ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് വിശദീകരിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ) സൈലൻറ്വാലി പദ്ധതിയുടെ പ്രാഥമിക ജോലികളായ റോഡ് പണി, കെട്ടിട നിർമ്മാണം, പാലങ്ങളുടെ പണി എന്നിവ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അതിനു വേണ്ടി ഇതുവരെ 160 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) പ്ലാനിംഗ് കമ്മീഷൻറെ അഡ്വൈസർ ശ്രീ. റ്റി. ആർ. സതീഷ് ചന്ദ്രൻ 4.7.1978-ൽ അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർക്ക് അയച്ച ഒരു കത്തിലെ നിർദ്ദേശമനുസരിച്ച് പുതിയ പണികളൊന്നും ആരംഭിച്ചിട്ടില്ല.

(സി) ഉണ്ട്. കേന്ദ്രഗവൺമെൻറിൻറെ നിർദ്ദേശമനുസരിച്ച് 30-12-1978-ൽ ''സൈലൻറ്വാലി പ്രൊഡക്റ്റ് ഏരിയ (പ്രൊഡക്ഷൻ ഓഫ് ജയോളജിക്കൽ ബാലൻസ്) ഓർഡിനൻസ്'' എന്ന പേരിൽ കേരള ഗവൺമെൻറ് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇലക്ട്രിസിറ്റി ജീവനക്കാരുടെ പ്രശ്നങ്ങൾ

*309 [326] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇലക്ട്രിസിറ്റി ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയോ;

(ബി) ശമ്പളപരിഷ്കരണം നടപ്പിലാക്കിയതോടുകൂടി ബോർഡിന് പ്രതിവർഷം എത്ര കോടി രൂപ അധികച്ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്;

(സി) എഗ്രിമെൻറിനു ശേഷം ബോർഡിൻറെ ഒരു ജീവനക്കാരൻറെ കുറഞ്ഞ ശമ്പളം പ്രതിമാസം എത്രയാണ്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ) ഇലക്ട്രിസിറ്റി ബോർഡിലെ 'വർക്ക്മെൻ' കാറ്റഗറിയിലുള്ള എല്ലാ ജീവനക്കാരുടേയും പ്രശ്നങ്ങൾ ഒരു ദീർഘകാല കരാർ മൂലം പരിഹരിക്കപ്പെട്ടിട്ടുണ്ട്.

(ബി) ഏകദേശം നാലര കോടി രൂപയുടെ അധികച്ചെലവ് ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) എഗ്രിമെൻറിനു ശേഷം ബോർഡിലെ ഒരു ജീവനക്കാരൻറെ ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം 270 രൂപയും വേരിയബിൾ ഡി. എ. യും വീട്ടുവാടക അലവൻസും ഉൾപ്പെടെ ഏകദേശം 380 രൂപയും ആണ്.

LIBRARY ARCHIVES Kerala Legislative Assembly